പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.229 — 17.08.2017-ലെ മറുപടി

## ജലചോർച്ചയും മോഷണവും ഒഴിവാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, കെ. ദാസൻ<br>,, എം. മുകേഷ്<br>ശ്രീമതി.വീണാ ജോർജ്ജ് : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ പകുതിയോളം മീറ്റർ ചെയ്യപ്പെടാതെ പോകുന്നുവെന്നതിനാൽ ജലചോർച്ചയും മോഷണവും ഒഴിവാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | എ | ചോർച്ച മൂലമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിനു വേണ്ടി, ലീക്കുണ്ടായാൽ എത്രയും പെട്ടെന്ന് തന്നെ അത് പരിഹരിക്കുവാൻ റണ്ണിംഗ് കോൺട്രാക്ട് നൽകിയിട്ടുണ്ട്. ലീക്ക് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അത് പരിഹരിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകുകയും അത് ഉദ്യോഗസ്ഥർ മോണിട്ടർ ചെയ്യുകയും ചെയ്യുന്നു. അതുപോലെ തന്നെ ലീക്കുകൾ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രയോജനപ്പെടുത്തുന്നു. ജലമോഷണം കണ്ടുപിടിക്കുന്നതിനുവേണ്ടി ആന്റി തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ലീക്കുകൾ യഥാസമയം കണ്ടുപിടിച്ച് അവ പരിഹരിച്ചും, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചും ജലചോർച്ച തടയുന്നുണ്ട്. കൂടാതെ കേടായ വാട്ടർ മീറ്ററുകൾ കണ്ടെത്തിയാൽ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും ഒരു മാസത്തിനകം മാറ്റിവച്ചില്ലെങ്കിൽ പിഴച്ചാർജ്ജ് ഈടാക്കുകയും ചെയ്തു വരുന്നു. വ്യാവസായിക, സർക്കാർ കണക്ഷനുകളിലെ കേടായ മീറ്ററുകൾ വാട്ടർ അതോറിറ്റി നേരിട്ട് മാറ്റി വക്കുകയും പ്രസ്തുത തുക ബില്ലിനൊപ്പം ഈടാക്കുകയും ചെയ്യുന്നു. |
| ബി | വിതരണ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടിയും അറിയിക്കാമോ? | ബി | വിതരണ ശൃംഖല ഇല്ലാത്തതു കാരണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഒന്നും തന്നെ ഇല്ല. ഉൽപ്പാദന ഘടകങ്ങൾ പൂർത്തീകരിച്ച പദ്ധതികളിൽ നിന്നും നിലവിലുള്ള വിതരണ ശൃംഖല വഴി ജലവിതരണം നടത്തുന്നുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ